## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4276 24/06/2019 -ലെ മറുപടിക്ക്.

## തൊഴിലാളികൾക്ക് ഉത്സവബത്ത

ചോദ്യം

**ശ്രീ.പി.ഉബൈദുള്ള :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ഉത്സവബത്ത നൽകാറുണ്ടോ; | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിനു കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗ തൊഴിലാളികൾക്ക് ഉത്സവബത്ത നൽകുന്നില്ല. |
| (ബി) | ഉത്സവബത്ത ലഭിക്കാത്തത് സംബന്ധിച്ച് കൊച്ചിയിൽ ചുമട്ടുതൊഴിലാളികൾ സമരം ചെയ്തിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉത്സവബത്ത ലഭിക്കാത്തത് സംബന്ധിച്ച് കൊച്ചിയിൽ ചുമട്ട് തൊഴിലാളികൾ സമരം ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചുമട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡ് നിശ്ചയിച്ച മാനദണ്ഡങ്ങൾപ്രകാരമുള്ള ഉത്സവകാല വായ്പയ്ക്ക് പുറമേ അധികംതുക വായ്പ യായി ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് എറണാകുളം ജില്ലയിലെ ഒരു വിഭാഗം ചുമട്ട് തൊഴിലാളികൾ സമരം ചെയ്തിരുന്നു. മാന ദണ്ഡങ്ങളിൽ ഒറ്റത്തവണ ഇളവ് അനുവദിച്ചു കൊണ്ട് ഈ സമരം ഒത്തുതീർപ്പാക്കിയിട്ടുണ്ട്. |
| (സി) | തൊഴിലാളികളുടെ ശരാശരി വേതനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ബോർഡുകളിലും അതതുകാലങ്ങളിൽ അർഹമായ ഉത്സവബത്ത അനുവദിക്കുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ